# ആഗോള മാരക വിഷമേഖലാപട്ടികയിൽ ഏലൂർ–എടയാർ പ്രദേശങ്ങളും

ഏലൂർ-എടയാർ പ്രദേശത്തെ ഒരു ആഗോള മാരക വിഷമേഖലയായി ഗ്രീൻ പീസ് പ്രഖ്യാപിച്ചു. ഏലൂരിലെ ഫാക്ടറികളിൽ നിന്നുള്ള മാലിന്യങ്ങൾ ഒഴുക്കപ്പെടുന്ന കുഴിക്കണ്ടം തോട്ടിലെ വെള്ളവും ചെളിയും ഗ്രീൻപീസ് രാസ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നു. ഈ തോടും പരിസരവും പ്രദേശങ്ങളും 11-ഓളം രാസസംയുക്തങ്ങൾ കൊണ്ട് മലിനമാക്കപ്പെട്ടിരിക്കുന്നതായി ഈ പരിശോധനയിൽ വ്യക്തമായതാണ് ഏലൂരിനെ മാരക വിഷമേഖലാപട്ടികയിൽ ഉൾപ്പെടുത്താൻ കാരണമായത്.

ഗ്രീൻപീസിന്റെ ആഗോള മാരകവിഷമേഖലാപട്ടികയിൽ 35-ാം സ്ഥാനത്താണ് ഏലൂർ-എടയാർ പ്രദേശം. ഇന്ത്യയിൽ ഭോപ്പാലും ഗുജറാത്തുമാണ് പട്ടികയിൽ ഇതിലുമുയർന്ന സ്ഥാനത്തുള്ളത്.

കഴിഞ്ഞ 50 വർഷമായി 250-ഓളം വ്യവസായശാലകളിൽ നിന്നുള്ള മലിനീകരണം ഏറ്റുവാങ്ങുകയാണ് പെരിയാറിന്റെ ഇരുകരകളായ ഏലൂർ-എടയാർ പ്രദേശങ്ങൾ. മനുഷ്യനിർമ്മിതമായ മാരകമായ വിഷവസ്തുക്കൾ (പോപ്സ്) ഈ മേഖലയിൽ ഏറ്റവുമധികം പുറന്തള്ളുന്നത് ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സ്ഡ് ഫാക്ടറി (HIL) യാണ്. എച്ച്.ഐ.എൻ 1956 മുതൽ ഇവിടെ കീടനാശിനി ഉല്പാദിപ്പിക്കുന്നുണ്ട്.

ഈ വ്യവസായശാലയിൽനിന്നുള്ള എല്ലാ മാലിന്യങ്ങളും ഒഴുക്കിവിടുന്നത് കുഴിക്കണ്ടം തോട്ടിലേക്കാണ്. ജനസാന്ദ്രതയേറിയ പ്രദേശങ്ങളിലൂടെ ഒഴുകി തണ്ണീർത്തടങ്ങളെ നനച്ച് ഈ തോട് പെരിയാറിൽ ചെന്നുചേരുന്നു. കുഴിക്കണ്ടം തോട്ടിൽ കണ്ടെത്തിയ (1) - രാസസംയുക്തങ്ങളിൽ 56-ഉം തിരിച്ചറിയാൻ പറ്റുന്ന രാസവസ്തുക്കൾ തന്നെയായിരുന്നു. എച്ച്.ഐ.എൻ. ഫാക്ട്, MERCHEM എന്നീ ഫാക്ടറികൾക്കടുത്തുകൂടെ കുഴിക്കണ്ടം തോട് ഒഴുകുന്നുണ്ടെങ്കിലും ഇതിൽ കണ്ടെത്തിയ വിഷവസ്തുക്കൾ ഭൂരിഭാഗവും HIL പുറത്തുവിടുന്നവയായിരുന്നു.